**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്- സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ശ്രീ.ശരത് കൃഷ്ണൻ.റ്റി-യെ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമിക്കുന്നതിന് സംസ്ഥാന ഇൻഷ്വറൻസ് ഡയറക്ടർക്ക് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ് മെന്റ് -ഡി) വകുപ്പ്**

**സ.ഉ (കൈ)നം. 117/2021/ധന** **തിരുവനന്തപുരം, തീയതി : 04/10/2021**

പരാമർശം 1 24/05/1999-ലെ സ ഉ(പി)12/99/ഉ.ഭ.പ.വ
2 18/11/1999 തീയതിയിലെ സ.ഉ(പി) നം 24/99/ഉ.ഭ.പ.വ
3 25/07/2015 തീയതിയിലെ സ. ഉ(പി) 23/2015/ഉ.ഭ.പ.വ
4 ശ്രീ.ശരത് കൃഷ്ണൻ.റ്റി-യുടെ 21/08/2019 തീയതിയിലെ അപേക്ഷ.
5 കണ്ണൂർ ജില്ലാ കളക്ടറുടെ 05/08/2021 തീയതിയിലെ ഡി.സി.കെ.എൻ.ആർ/7443/2020-എ 5 നമ്പർ കത്ത്
6 കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ 26/08/2021 തീയതിയിലെ ഇൻഷ്വ/എസ്റ്റാ/ഇ.1/റ്റി002009596 നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സർവ്വീസിലിരിക്കെ 14/05/2019-ന് മരണമടഞ്ഞ പുഷ്പലത.പി-യുടെ നിയമാനുസൃത അനന്തരാവകാശിയായ മകൻ ശ്രീ.ശരത് കൃഷ്ണൻ.റ്റി തനിക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് പരാമർശത്തിലെ സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിക്കുന്ന നിബന്ധനകൾക്ക് വിധേയമായി പരാമർശം (4) പ്രകാരം സമർപ്പിച്ച അപേക്ഷ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ പരാമർശം (6) പ്രകാരം സർക്കാരിന് സമർപ്പിക്കുകയുണ്ടായി. കണ്ണൂർ ജില്ലാ കളക്ടർ പരാമർശം (5) പ്രകാരം ടിയാന്റെ നിയമനം ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സർവ്വീസിലിരിക്കെ 14/05/2019-ന് മരണമടഞ്ഞ പുഷ്പലത.പി-യുടെ നിയമാനുസൃത അനന്തരാവകാശിയായ മകൻ ശ്രീ.ശരത് കൃഷ്ണൻ.റ്റി-യ്ക്ക് കേരള സംസ്ഥന ഇൻഷ്വറൻസ് വകുപ്പിൽ ക്ലർക്ക് തസ്തികയിൽ 26500-60700 എന്ന ശമ്പള സ്കെയിലിൽ നിലവിലുള്ളതോ ഇനി ഉണ്ടാകുന്നതോ ആയ ഒഴിവിൽ നിയമനം നൽകുന്നതിനുള്ള സീനിയോറിറ്റി മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ചുകൊണ്ട് ടിയാന്റെ ഊഴം വരുന്ന മുറയ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പരാമർശത്തിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി നിയമിക്കുന്നതിന് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1) ലെ ഉത്തരവിൽ വ്യവസ്ഥ ചെയ്യും പ്രകാരം പരേതയായ പുഷ്പലത.പി-യുടെ സേവന പുസ്തകത്തിലും എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പരാമർശത്തിലെ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും എല്ലാ ഘട്ടത്തിലും പാലിക്കപ്പെടുന്നുവെന്ന് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്. നിയമനത്തിന്റെ ഏതെങ്കിലും ഘട്ടത്തിലോ നിയമനം ലഭിച്ച ശേഷമോ അപേക്ഷകൻ ഏതെങ്കിലും വിവരങ്ങൾ മറച്ചുവെച്ചതായോ തെറ്റിദ്ധരിപ്പിച്ചതായോ തിരിച്ചറിയുന്ന പക്ഷം ഈ പദ്ധതി പ്രകാരമുള്ള നിയമനം റദ്ദാക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**ശ്രീനി.ജി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം.

ഡയറക്ടർ , കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, തിരുവനന്തപുരം.

ശ്രീ.ശരത് കൃഷ്ണൻ.റ്റി ,(കേരള സംസ്ഥാന ഇൻഷ്വറൻസ് ഡയറക്ടർ മുഖേന)

പേഴ്സണൽ അസിസ്റ്റന്റ്, പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യ എക്സ്പെൻഡിച്ചർ)

വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (ഫയൽ നം എസ്റ്റാ.ഡി2/90/2021-ധന (ഇ 1847492))

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ